(ബി) ആരോഗ്യ വകുപ്പിൽ 100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 85.52 ശതമാനവും 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 72.63 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് ബ്ലൈൻഡ്നസ് കൺട്രോൾ സൊസൈറ്റി രൂപീകരണം വൈകിയതാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തത്. എന്നാൽ മറ്റു വിഭാഗങ്ങൾക്ക് അനുവദിച്ച തുക ലാപ്സായിട്ടില്ല.

(സി) 2002-03 വർഷത്തിൽ വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 65 ലക്ഷം രൂപയും താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 74 ലക്ഷം രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചു. ഇതിൽ 8 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. മറ്റു വിഭാഗങ്ങൾക്ക് ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല.

(ഡി) ഈ തുക ലാപ്സായിട്ടില്ല. തുക സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. 74 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചീഫ് എഞ്ചിനീയർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി തുക ചെലവാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലിനീകരണത്തിന്റെ ആധിക്യത്തെ സംബന്ധിച്ച കണ്ടെത്തലുകൾ

*15 [945] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ പ്രധാന നഗരങ്ങളിലെ മലിനീകരണത്തിന്റെ ആധിക്യത്തെ സംബന്ധിച്ച് കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം നഗരത്തിലെ മലിനീകരണത്തിന്റെ നിലവാരത്തെ സംബന്ധിച്ചുള്ള നിഗമനങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിലയിരുത്തലുകൾ ശാസ്ത്രീയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണെന്ന് കരുതുന്നുണ്ടോ;

(ഡി) കേന്ദ്ര ബോർഡ് അടിസ്ഥാനരഹിതമായ നിഗമനത്തിലാണെത്തിയതെങ്കിൽ ശക്തമായ പ്രതിഷേധക്കുറിപ്പ് ദേശീയ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) വാഹനങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(എഫ്) നഗരങ്ങളിൽ ജലമലിനീകരണം പരിഹരിക്കാൻ ദീർഘകാല പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുമോ;

(ജി) ശ്വാസകോശ രോഗങ്ങൾക്കും ഇതര മലിനീകരണജന്യമായ രോഗങ്ങൾക്കും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ താലൂക്ക് ആശുപത്രികളിൽ ഉറപ്പാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വിദ്യാലയങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് പുതിയ ഒരു മലിനീകരണ പ്രതിരോധപദ്ധതി ആവിഷ്കരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിച്ച അന്തരീക്ഷ വായു ഗുണനിലവാര റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരത്തിൽ ചില സന്ദർഭങ്ങളിൽ പൊടിയുടെ അളവ് കൂടുതലാണെന്ന് കണ്ടിട്ടുണ്ട്.

(സി, ഡി) ശാസ്ത്രീയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വിലയിരുത്തലുകൾ നടത്തിയിട്ടുള്ളത്.

(ഇ) സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങൾക്ക് മോട്ടാർ വാഹന വകുപ്പ് അംഗീകരിച്ച ടെസ്റ്റിംഗ് സെന്ററുകളിൽ നിന്നും നൽകുന്ന പരിശോധനാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(എഫ്) ദീർഘകാല പദ്ധതികൾ നിലവിലില്ല. ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ജി) താലൂക്ക് ആശുപത്രികളിൽ ഇതിനുള്ള സൗകര്യം നിലവിലുണ്ട്.

(എച്ച്) പരിഗണിക്കുന്നതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണവേഗതാ പുനരവലോകന സംവിധാനം

1 [5804] ശ്രീമതി രാധാ രാഘവൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്:
,, ഡി. സുഗതൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണത്തിന് വേഗത കൈവരുത്തുന്നതിന്റെ പേരിൽ വകുപ്പ് തലവൻമാരുടെ ആഫീസുകൾ, റീജിയണൽ ആഫീസുകൾ, ജില്ലാ-താലൂക്കുതല ആഫീസുകൾ എന്നിവയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ;

(ബി) എങ്കിൽ അത് ഏതുവിധമെന്നും അതുകൊണ്ടുണ്ടാകുന്ന പ്രയോജനം എന്തെന്നും വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തുള്ള ഓരോ ആഫീസിന്റെയും പ്രവർത്തനം മാസത്തിലൊരിക്കലെങ്കിലും അവലോകനത്തിന് വിധേയമാക്കുന്ന സംവിധാനത്തിന് രൂപം കൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly